"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്- എസ് സി പി എസ് - തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസ് - ഓ ആർ സി സൈക്കോളജിസ്റ്റ് ശ്രീമതി രേഷ്മയുടെ കരാർ സേവന കാലാവധി പുനഃക്രമീകരിച്ചു നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.294/2025/WCDD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-
1. 12-02-2025 തീയതിയിലെ WCD-C1/133/2024-WCD നമ്പർ കത്ത്
2. 23-04-2025 തീയതിയിലെ DWCD/5196/2023-ICPS 6 വനിത ശിശു വികസന ഡയറക്ടറുടെ നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ല ശിശു സംരക്ഷണ യൂണിറ്റിൽ ഓ ആർ സി പദ്ധതിയിലെ സൈക്കോളജിസ്റ്റായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീമതി രേഷ്മയുടെ സേവനകാലാവധി അവസാനിക്കുന്ന തീയതിയായ 27.11.2024 കഴിഞ്ഞ് ഒരു ദിവസത്തെ ബ്രേക്ക് നൽകി തൊട്ടടുത്ത പ്രവൃത്തി ദിവസം മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 27.11.2024 മുതൽ 29.11.2024 വരെ HLFPPT യുടെ പരിശീലന പരിപാടിയിൽ പങ്കെടുത്ത ടിയാൾക്ക് 25.11.2024-ന് ബ്രേക്ക് നൽകി 26.11.2024 ന് ജോലിയിൽ പ്രവേശിപ്പിച്ച് തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും ആയതിനാൽ ശ്രീമതി.രേഷ്മയെ ഇപ്രകാരം ജോലിയിൽ പ്രവേശിച്ച തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിനും, നിലവിൽ പ്രകാരം കരാർ അവസാനിക്കുന്ന തീയതി 27.11.2024 യിൽ നിന്നും 24.11.2024 എന്നാക്കി മാറ്റം വരുത്തണമെന്നും പരാമർശം (2) പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓ ആർ സി സൈക്കോളജിസ്റ്റ് ശ്രീമതി രേഷ്മയുടെ കരാർ സേവന കാലാവധി പുനഃക്രമീകരിച്ചു നൽകിയ തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നടപടി, ഇത്തരത്തിലുള്ള നടപടികൾ ഭാവിയിൽ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ, സാധൂകരിച്ചും പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നൽകിയ കരാർ കാലാവധി, അവസാനിക്കുന്ന തീയതി 27.11.2024 എന്നതിനു പകരം 24.11.2024 എന്ന് മാറ്റം വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര ആർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരളം,തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
Date: 23-06-2025 16:11:18

സെക്ഷൻ ഓഫീസർ